K25U 3455

Reg. No. : ..............................

Name : ..................................

**First Semester B.Com./B.B.A./B.B.A.(TTM)/B.B.A.(RTM)/B.B.A.(AH)/ B.T.T.M. Degree (C.B.C.S.S. – O.B.E.-Supplementary) Examination, November 2025**

**(2019 to 2023 Admissions)**

**ADDITIONAL COMMON COURSE IN MALAYALAM**

**1A 07-1 MAL : സാഹിത്യരൂപങ്ങൾ**

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യത്തിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) ചലച്ചിത്രഗാനങ്ങളുടെ സാഹിത്യപരവും സാംസ്കാരികവുമായുള്ള പ്രാധാന്യത്തെക്കുറിച്ച് 'പാട്ട്-രസവും ധ്വനിയും' – എന്ന ലേഖനത്തെ ആസ്പദമാക്കി വിവരിക്കുക.

2) 'കടൽകാക്കകൾ' എന്ന കവിതയ്ക്കൊരാസ്വാദനം തയ്യാറാക്കുക.

3) സ്ത്രീജീവിതങ്ങളുടെ വ്യത്യസ്താനുഭവങ്ങളെ ആവിഷ്ക്കരിക്കുന്നതിൽ 'ആദാമിന്റെ വാരിയെല്ല്' എന്ന സിനിമ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക.

4) അരുതായ്മകളെയും വിലക്കുകളെയും കുറിച്ച് ബോധ്യം ഉണ്ടായിട്ടും അതൊക്കെ ചെയ്യാൻ നിർബന്ധിതരായിത്തീർന്ന മനുഷ്യരുടെ കഥയാണ് 'ആയുസ്സിന്റെ പുസ്തകം' – ഈ അഭിപ്രായം ശരിയോ ? വിലയിരുത്തുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന **6** ചോദ്യത്തിൽ നിന്ന് **4** ചോദ്യത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ആയുസ്സിന്റെ പുസ്തകം എന്ന നോവലിലെ 'തോമ' എന്ന കഥാപാത്രത്തെ വിലയിരുത്തുക.

6) 'ഭയന്നോ ദുഃഖിച്ചോ എന്നു തിട്ടം പോര. അവനുറക്കെ മുറയിടുന്നുണ്ടായിരുന്നു. വാതിലിനോട് ചേർന്നു തറയിലിരുന്നു വാവിട്ടു കരയുന്ന അവന്റെ രൂപം സങ്കല്പിക്കാൻ കഴിഞ്ഞു' – ആരെക്കുറിച്ചാണീ പരാമർശം ? സന്ദർഭമെഴുതി വിശദമാക്കുക.

P.T.O.

7) 'തൊട്ടാൽ വാടരുത് '– എന്ന കവിതയിലൂടെ കവി സ്ത്രീസമൂഹത്തിനു നൽകുന്ന സന്ദേശമെന്ത് ?

8) ആദാമിന്റെ വാരിയെല്ല് എന്ന സിനിമയുടെ അവസാന രംഗത്തിന്റെ പ്രാധാന്യം വിശദമാക്കുക.

9) എഴുത്തുകാരന്റെ മരണം (Author's death) കൃത്യമായി സംഭവിക്കുന്നത് ചലച്ചിത്രഗാനങ്ങളിലാണെന്ന് പറയാൻ കാരണമെന്ത് ?

10) തീവ്രവൈകാരികതയുടെ വൈദ്യുതിപായുന്ന കാവ്യഭാഷയും പദയോജനയും മലയാളത്തിൽ ബാലചന്ദ്രൻ ചുള്ളിക്കാട് സൃഷ്ടിച്ചുവെന്ന് പറയുന്നതിന്റ യുക്തിയെന്ത് ? **(4×3=12)**

III. താഴെ തന്നിരിക്കുന്ന **6** ചോദ്യത്തിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'നില്ലൂ പള്ളിക്കൂട വളപ്പിലെ
നിഴലുകൾ തോറും നിഴൽപോലെ' – സന്ദർഭവും ചമല്ക്കാര ഭംഗിയും എഴുതുക.

12) 'അതുപോലൊരു സംഗീതം വേറെല്യ' – ഏതു പോലെ ? സന്ദർഭമേത് ?

13) 'ആയുസ്സിന്റെ പുസ്തകം' എന്ന നോവലിന്റെ രചനയ്ക്കാധാരമായ സംഭവത്തെക്കുറിച്ച് നോവലിസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നതെന്തൊക്കെ ?

14) യോഹന്നാൻ ഒറ്റപ്പെടാനിടയായ സാഹചര്യം വിവരിക്കുക.

15) 'ചോരവീണ മണ്ണിൽ നിന്നുയർന്നുവന്ന പൂമരം' – എന്ന ഗാനത്തെക്കുറിച്ച് ലേഖികയുടെ അഭിപ്രായമെന്ത് ?

16) 'മുട്ടറ്റമേയുള്ളൂ ഭൂതകാലക്കുളിർ' – ഇങ്ങനെ പറയാൻ കാരണമെന്ത് ? **(4×2=8)**

IV. **6** ചോദ്യത്തിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'ആരെയൊക്കെയാണ് 'കോടമ്പാക്കം കവികൾ' എന്ന് വിശേഷിപ്പിക്കുന്നത് ? കാരണമെന്ത് ?

18) 'കാൽതൊടാനല്ല, കൈത്തോ –
ക്കെടുക്കാൻ കുനിഞ്ഞു നീ' – ആര് ? സന്ദർഭമേത് ?

19) കെ. ജി. ജോർജ്ജ്.

20) ആയുസ്സിന്റെ പുസ്തകത്തിലെ സാമുവൽസാർ .

21) എവിടെ ജോൺ.

22) ലേഖികയ്ക്കു പഴയകാല കാമ്പസ് സ്മരണകൾ ഉണർന്നതെപ്പോൾ ? **(4×1½=6)**

Don Bosco Arts and Science College Library, Angadikadavu, Kannur libdonbosco.ac.in